പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1903

6.2.2019 ൽ
മറുപടിക്ക്

## കെ.എ.എസ്. ലെ സംവരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) കെ.എ.എസ്.ലെ മൂന്ന് സ്കീമുകളിലും സംവരണം ഏർപ്പെടുത്തുന്നതിനായി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (എ) യും (ബി) യും | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ പ്രകാരം നേരിട്ടുള്ള നിയമനങ്ങൾ നടത്തുന്ന സ്കീം I ൽ സംവരണം ബാധകമാക്കിയിട്ടുണ്ട്. തസ്തികമാറ്റം മുഖേനയുള്ള നിയമനം വിഭാവനം ചെയ്യുന്ന സ്കീം II, III എന്നിവയിൽ സംവരണം വ്യവസ്ഥ ചെയ്തിട്ടില്ല. പ്രസ്തുത സ്കീമുകളിലും സംവരണം ഏർപ്പെടുത്തണമെന്ന് സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്നിവയുടെ ഉത്തരവുകളും ജനപ്രതിനിധികൾ, സംഘടനകൾ തുടങ്ങിയവരിൽ നിന്നും ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സ്കീം II, III എന്നിവയിൽ സംവരണം ഏർപ്പെടുത്തുന്നതിന് കഴിയുമോ എന്ന് പരിശോധിച്ചു വരുന്നു. |
| ബി) പിന്നാക്ക വിഭാഗങ്ങൾക്ക് ഭരണഘടന ഉറപ്പു നൽകുന്ന സംവരണം കെ.എ.എസ്.ൽ ഉറപ്പുവരുത്തുവാൻ സർക്കാർ തയ്യാറാകാതിരുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ